ആരോപണവിധേയരായ മൂന്ന് മുൻമന്ത്രിമാരുടെ നിയമസഭാംഗത്വം റദ്ദാക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ് രാജ്ഭവനിലേക്ക് നടത്തിയ പദയാത്രയ്ക്ക് പ്രതിപക്ഷ നേതാവ് സിദ്ധരാമയ്യ നേതൃത്വം നൽകുന്നു

നിയമസഭയിൽ അശ്ലീല വീഡിയോ കണ്ട മുൻമന്ത്രിമാർക്കെതിരെ മൈസൂർ ബാങ്ക് സർക്കിളിൽ യുത്ത് കോൺഗ്രസ് നടത്തിയ പ്രതിഷേധം

നിയമസഭയിലെ അശ്ലീല വീഡിയോ

കർണാടക സർക്കാറിനെ പിരിച്ചുവിടണമെന്ന് പ്രതിപക്ഷം

ബാംഗ്ലൂർ: നിയമസഭ നടക്കുന്നതിനിടെ മൊബൈലിൽ അശ്ലീല ദൃശ്യങ്ങൾ കണ്ട മൂന്ന് മന്ത്രിമാരെ മന്ത്രിസഭയിൽ നിന്നു പുറത്താക്കിയെങ്കിലും ബി.ജെ. പി.ക്ക് മുന്നിലെ പ്രതിസന്ധി നീങ്ങുന്നില്ല. ഭരണഘടനാ വിരുദ്ധ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്നും സർക്കാറിനെ പിരിച്ച് വിടാൻ കേന്ദ്രത്തിന് ശുപാർശ നൽകണമെന്നും കോൺഗ്രസ്സും ജനതാദളും ഗവർണറോട് ആവശ്യപ്പെട്ടു. സ്വതന്ത്ര എം.എൽ.എ.മാരെ അയോഗ്യരാക്കിയ നടപടി സുപ്രീം കോടതി റദ്ദാക്കുകയും സ്പീക്കർക്കെതിരെ കോടതി പരാമർശം നടത്തുകയും ചെയ്ത സാഹചര്യത്തിൽ സർക്കാറിന് തുടരാൻ അവകാശമില്ലെന്ന് പ്രതിപക്ഷ നേതാവ് സിദ്ധരാമയ്യയും ജനതാദൾ നേതാവ് എം.സി. നാനയ്യയും പറഞ്ഞു. ഗവർണറുമായി കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു നേതാക്കൾ. ബജറ്റ് സമ്മേളനം മാർച്ച് പത്തിന് തുടങ്ങാനിരിക്കെ വിവാദം കത്തിപ്പടരുന്നത് ബി.ജെ.പി.ക്ക് തലവേദനയായി. അതേസമയം , മുൻമന്ത്രിമാരെ അയോഗ്യരാക്കണമെന്ന ആവശ്യവുമായി കോൺഗ്രസ്സും ജനതാദളും പ്രക്ഷോഭത്തിന് ഒരുങ്ങുകയാണ്.

ജനതാദൾ , കോൺഗ്രസ് പ്രവർത്തകർ രാജ്ഭവനിലേക്ക് പദയാത്ര നടത്തിയതിന് ശേഷമാണ് ഗവർണറുമായി കൂടിക്കാഴ്ച നടത്തിയത്. നിയമലംഘനവും അഴിമതിയും തുടർച്ചയായി നടത്തുന്ന സരക്കാറിനെ പിരിച്ചു വിടണമെന്ന് ഗവർണറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ജനതാദൾ നേതാവ് എം.സി. നാനയ്യ പറഞ്ഞു. ആരോപണ വിധേയരായവരെ അയോഗ്യരാക്കണമെന്നാവശ്യപ്പെട്ട് കോൺഗ്രസ്സും ഗവർണർക്ക് നിവേദനം നൽകി.

അശ്ലീല ദൃശ്യ വിവാദത്തിൽ പാർട്ടിയുടെ പ്രതിച്ഛായ കളങ്കപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ബിജാപൂരിലും ബൽഗാമിലും നടത്താനിരുന്ന സമ്മേളനങ്ങൾ ബി.ജെ.പി. റദ്ദാക്കി. നേതാക്കൾക്കെതിരെ പാർട്ടി അണികളിൽ നിന്നുണ്ടായ വിമർശനത്തെ തുടർന്നാണ് സമ്മേളനം മാറ്റിവെക്കാൻ നേതൃത്വം തീരുമാനിച്ചത്. അടുത്ത വർഷം നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് പാർട്ടിയെ ശക്തിപ്പെടുത്തുന്നതിനായാണ് ഫിബ്രവരി പതിനൊന്നിന് സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ ബാൽഗാമിൽ നിന്നുള്ള ലക്ഷ്മൺ സാവദി അശ്ലീല ദൃശ്യവിവാദത്തിൽപ്പെട്ടതോടെ ജില്ലയിൽ സമ്മേളനം നടത്താൻ കഴിയാത്ത അവസ്ഥയിലായി ബി. ജെ. പി. പാർട്ടിക്കുള്ളിൽ മുൻമുഖ്യമന്ത്രി ബി.എസ്. യെദ്യൂരപ്പയുടെ നേതൃത്വത്തിൽ നടക്കുന്ന വിഭാഗീയതയ്ക്കിടെയാണ് പാർട്ടിയെ തീർത്തും പ്രതിസന്ധിയിലാക്കിയ വിവാദം ഉണ്ടായത്. ദേശീയ തലത്തിൽ തന്നെ പാർട്ടിക്കുണ്ടായ കളങ്കം തീർക്കാൻ ശക്തമായ നടപടിവേണമെന്നാണ് ബി.ജെ.പി. കേന്ദ്ര നേതൃത്വം നൽകിയ നിർദേശം. എന്നാൽ ആരോപണ വിധേയരായവർക്കെതിരെ അന്വേഷണം കഴിയുന്നതു വരെ കർശന നടപടി എടുക്കരുതെന്ന യെദ്യൂരപ്പയുടെ നിലപാടാണ് മുഖ്യമന്ത്രിക്കും സംസ്ഥാന നേതൃത്വത്തിനും ഒരുപോലെ ഭീഷണിയായിരിക്കുന്നത്. മന്ത്രി സ്ഥാനം നഷ്ടപ്പെട്ട ലക്ഷ്മൺ സാവദി, സി.സി. പാട്ടിൽ, കൃഷ്ണ പലേമർ എന്നിവർ യെദ്യൂരപ്പയുടെ അടുത്ത അനുയായികളാണ്. ഇവരെ സംരക്ഷിക്കുന്ന നിലപാടുമായി യെദ്യൂരപ്പ മുന്നോട്ട് പോയാൽ ബി.ജെ. പി. നേതൃത്വത്തിന് അത് കനത്ത വെല്ലുവിളിയായിരിക്കും. മുൻമന്ത്രിമാരെ അയോഗ്യരാക്കുന്ന നടപടിയുണ്ടാവില്ലെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് കെ.എസ്.ഈശ്വരപ്പയും വ്യക്തമാക്കി.

രാജിവെച്ച മന്ത്രിമാരുടെ നിയമസഭാംഗത്വം റദ്ദാക്കണം- ദേവഗൗഡ

ബാംഗ്ലൂർ: നിയമസഭാസമ്മേളനത്തിനിടെ അശ്ലീലദൃശ്യം കണ്ട മൂന്ന് മുൻ മന്ത്രിമാരുടെ നിയമസഭാ അംഗത്വം റദ്ദാക്കണമെന്ന് ജനതാദൾ (എസ്) ദേശീയ അധ്യക്ഷനും മുൻ പ്രധാനമന്ത്രിയുമായ എച്ച്.ഡി. ദേവഗൗഡ ആവശ്യപ്പെട്ടു. ആരോപണത്തെത്തുടർന്ന് രാജിവെച്ചത് ശിക്ഷാനടപടിയായി കാണാൻ കഴിയില്ല. രാജ്യത്തിന് തന്നെ അപമാനം വരുത്തിയ എം.എൽ.എ.മാരെ അയോഗ്യരാക്കാൻ സ്പീക്കർ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കൈക്കൂലി വാങ്ങിയ എം.പി.യെ ലോക്സഭാ സ്പീക്കർ പുറത്താക്കിയ സംഭവം ഉണ്ടായിട്ടുണ്ട്. തൻെറ 60 വർഷത്തെ രാഷ്ട്രീയജീവിതത്തിൽ ആദ്യമായാണ് ഇത്തരമൊരു സംഭവം ഉണ്ടാകുന്നതെന്നും ദേവഗൗഡ പറഞ്ഞു.

മലയാളം വിക്കി പഠനശിബിരം ശനിയാഴ്ച

കോഴിക്കോട്: മലയാളം വിക്കിപീഡിയയുടെ പഠനശിബിരം ബാംഗ്ലൂരിൽ ഫിബ്രവരി 11-ന് നടക്കും. മലയാളം വിക്കി സംരംഭങ്ങളിൽ താത്പര്യമുള്ള ആർക്കും ഇതിൽ പങ്കെടുക്കാം.

ഇൻറർനെറ്റിലെ ഏറ്റവും വലിയ സൗജന്യ ഓൺലൈൻ വിജ്ഞാനകോശമായ വിക്കിപീഡിയയുടെ മലയാളം പതിപ്പാണ് മലയാളം വിക്കിപീഡിയ. മലയാളം വിക്കിയുടെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താനായി ബാംഗ്ലൂരിൽ നടക്കുന്ന മൂന്നാമത്തെ പഠനശിബിരമാണ് ശനിയാഴ്ചത്തേത്.

മലയാളം വിക്കിപീഡിയയെ പരിചയപ്പെടുത്തൽ, മലയാളം ടൈപ്പിങ്, മലയാളം എഡിറ്റിങ്, വിക്കിയിലെ ലേഖനമെഴുത്ത് തുടങ്ങിയവ പരിചയപ്പെടുത്താനാണ് പഠനശിബിരം നടത്തുന്നത്.

ബാംഗ്ലൂർ ഡൊംലൂരിൽ ദ സെൻറർ ഫോർ ഇൻറർനെറ്റ് ആൻഡ് സൊസൈറ്റിയിൽ ശനിയാഴ്ച ഉച്ചയ്ക്ക് രണ്ട് മുതൽ അഞ്ച് വരെയാണ് പഠനശിബിരം നടക്കുക.

കൂടുതൽ വിവരങ്ങൾക്ക് 9916276334 (ശ്രീജിത്ത് കെ.), 7829333365 (രാജേഷ് ഒടയഞ്ചാൽ) എന്നീ നമ്പറുകളിലോ help@mlwiki.in എന്ന മെയിൽ ഐഡിയിലോ ബന്ധപ്പെടാം.

വിദേശ ജോലി: നോർക്ക മാർഗനിർദേശ ക്ലാസ്

ബാംഗ്ലൂർ: വിദേശത്തു ജോലി തേടുന്ന മറുനാടൻ മലയാളികൾക്കായി നോർക്ക റൂട്ട്സ് പ്രീ ഡിപ്പാർച്ചർ ഓറിയൻേറഷൻ പരിപാടി നടത്തും. വിദേശത്തേക്കുപോകാൻ ആഗ്രഹിക്കുന്നവർ നിയമപരമായി ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയും നിയമനം, വിസ, പാസ്പോർട്ട് സംബന്ധിച്ച നിയമ വശങ്ങളെ ക്കുറിച്ചും നോർക്ക ഉദ്യോഗസ്ഥർ ക്ലാസെടുക്കും. ഒരു ദിവസത്തെ ക്ലാസിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ഫോണിൽ വിളിക്കാം: 080-25305090. നോർക്ക് ഓഫീസ് ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കും. എല്ലാ ചൊവ്വാഴ്ചയും ഓഫീസ് അവധി ആയിരിക്കും.

മന്ത്രി കെ.സി. ജോസഫ് 19-ന് ബാംഗ്ലൂരിൽ

ബാംഗ്ലൂർ: പ്രവാസികാര്യമന്ത്രി കെ.സി. ജോസഫ് 19-ന് മലയാളികളുടെ പ്രശ്നങ്ങൾ കേൾക്കാൻ എത്തും. സംഘടനാ പ്രതിനിധികൾക്ക് മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്താൻ അവസരമുണ്ടാകും. 19-ന് രാവിലെ പത്തു മുതൽ അൾസൂർ ശ്രീ നാരായണ സമിതി ഹാളിലാണ് മുഖാമുഖം പരിപാടി. വിവരങ്ങൾക്ക്: 080-25305090.

മദ്ഹു റസൂൽ പരിപാടി 22-ന്

ബാംഗ്ലൂർ : സുന്നി മാനേജ്മെൻറ് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ മദ്ഹു റസൂൽ പരിപാടി 22-ന് ഖുദൂസ് സാഹിബ് ഈദ് ഗാഹ് മൈതാനത്ത് നടക്കും. മുഖ്യമന്ത്രി ഡി.വി. സദാനന്ദഗൗഡ, കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാർ എന്നിവർ പങ്കെടുക്കും.

ഭക്ഷ്യവിഷബാധ: 50 സ്കൂൾകുട്ടികൾ ആസ്പത്രിയിൽ

മംഗലാപുരം: ഭക്ഷ്യവിഷബാധയെ തുടർന്ന് കങ്കനാടി സെൻറ് ജോസഫ്സ് ഹയർ പ്രൈമറി സ്കൂളിലെ 50 കുട്ടികളെ ഫാദർ മുള്ളേഴ്സ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. സ്കൂളിൽനിന്ന് ഉച്ചഭക്ഷണം കഴിച്ച കുട്ടികളെ ദേഹാസ്വാസ്ഥ്യത്തെ തുടർന്നാണ് ആസ്പത്രിയിൽ പ്രവേശിപ്പിച്ചത്. മൊത്തം 200 കുട്ടികൾ ഭക്ഷണം കഴിച്ചെങ്കിലും 50 കുട്ടികൾക്കാണ് അസ്വാസ്ഥ്യം അനുഭവപ്പെട്ടത്. ചികിത്സ തേടിയ 50 കുട്ടികളിൽ 13 പേർക്ക് മാത്രമേ കിടത്തിചികിത്സ ആവശ്യമുള്ളൂ എന്ന് സ്കൂൾ അധികൃതർ പറഞ്ഞു. സ്ഥിതി മെച്ചപ്പെട്ട മറ്റ് കുട്ടികൾ ആസ്പത്രിയിൽ നിന്ന് മടങ്ങിയതായും അധികൃതർ പറഞ്ഞു.

മിലാദ് ഫെസ്റ്റ് ഇന്ന്

ബാംഗ്ലൂർ: നീലസാന്ദ്ര കേരള മുസ്ലിം വെൽഫെയർ അസോസിയേഷൻ നടത്തുന്ന മിലാദ് പരിപാടി വെള്ളിയാഴ്ച ജുമുഅസ്ക്ക് ശേഷം നടക്കും. കലാപരിപാടികൾക്കുശേഷം നടക്കുന്ന സമാപന സംഗമം എൻ.എ. ഹാരിസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. നിസാർ സഖാഫി, ഖാദർ ഹാജി, ആബിദ് സഫ, ഈസ അറഫ എന്നിവർ പങ്കെടുക്കും.

കാരുണ്യ ബംഗളൂരു മേഖലാ യോഗം നടത്തി

ബാംഗ്ലൂർ: ജീവകാരുണ്യ കൂട്ടായ്മയായ കാരുണ്യ ബംഗളൂരുവിൻെറ വിജയനഗർ, മൈസൂർ റോഡ് മേഖലാ യോഗം കേരള സമാജം മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻെറ അധ്യക്ഷതയിൽ ചേർന്നു. മേഖലയിൽ നിന്നുള്ള എല്ലാ അംഗങ്ങൾക്കും കാരുണ്യയുടെ തിരിച്ചറിയിൽ കാർഡ് വിതരണം ചെയ്തു. അംഗസംഖ്യ150 ആയി വർധിപ്പിക്കാനും മേഖലയിൽ നിന്നുള്ള രണ്ട് നിർധന കുടുംബങ്ങളുടെ ചികിത്സാചെലവുകളും കുട്ടികളുടെ പഠനച്ചെലവുകളും ഏറ്റെടുക്കാൻ യോഗം തീരുമാനിച്ചു.

മേഖലയിൽ നിന്ന് സമാഹരിച്ച വിദ്യാഭ്യാസ സഹായം കൺവീനർ കെ.വി. രാജൻ കാരുണ്യ ചെയർമാൻ എ. ഗോപിനാഥിനെ ഏൽപ്പിച്ചു. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി അജിത് കുമാറിൻെറ നേതൃത്വത്തിൽ കമ്മിറ്റി രൂപവത്കരിച്ചു. ജനറൽ സെക്രട്ടറി തങ്കച്ചൻ പന്തളം, കൺവീനർ ബിജു മാത്യു, കുഞ്ഞുമോൻ, ഗിൽസൺ, മേരി സാന്ദ്ര, ഷാൻറി, ഷൈനി, ഷീജ, വിജയ, ജ്യോതി എന്നിവർ സംസാരിച്ചു.

മാണ്ഡ്യയിൽ വാഹനാപകടത്തിൽ ആറുപേർ മരിച്ചു

ബാംഗ്ലൂർ: ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുകയായിരുന്നവർ സഞ്ചരിച്ച വാൻ മറിഞ്ഞ് മൂന്ന് വയസ്സുകാരിയടക്കം ആറുപേർ മരിച്ചു. മലമുകളിലെ ക്ഷേത്രദർശനത്തിനു ശേഷം ഇറക്കത്തിൽ നിയന്ത്രണംവിട്ട് മറിയുകയായിരുന്നു. മാണ്ഡ്യയിലെ ബസവനബെട്ടയിലാണ് സംഭവം. ഭാഗ്യമ്മ (60), പ്രേമ (45), രൂപ (35), സുരഭി (മൂന്ന്), സുശീലമ്മ (65) ഹസവരാജു (72) എന്നിവരാണ് മരിച്ചത്. 16 പേർക്ക് പരിക്കേറ്റു. ഇവരെ മാണ്ഡ്യയിലെ സർക്കാർ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

കൂടംകുളം: നാലംഗ വിദഗ്ധ സമിതിയുമായി തമിഴ്നാട് സർക്കാർ

ചെന്നൈ: കൂടംകുളം ആണവനിലയവുമായി ബന്ധപ്പെട്ട് പരിസരവാസികളിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാനസർക്കാർ നാലംഗ സമിതിക്ക് രൂപംനൽകി. ആണവോർജ കമ്മീഷൻ മുൻ ചെയർമാൻ എം.ആർ. ശ്രീനിവാസൻ , അണ്ണാസർവകലാശാലയിൽ നിന്നുള്ള പ്രൊഫ. ഡി. അറിവൊലി, പ്രൊഫ. എസ്. ഇനിയൻ , മുൻ സംസ്ഥാന ചീഫ് സെക്രട്ടറി എൽ.എൻ. വിജയരാഘവൻ എന്നിവരാണ് സമിതിയിലുള്ളത്.

നോർത്ത് ബാംഗ്ലൂർ എക്സ് സർവീസ് മെൻ അസോസിയേഷൻ ലയൺസ് ബ്ലഡ് ബാങ്കിൻെറ സഹകരണത്തോടെ പിനിയായിൽ സംഘടിപ്പിച്ച രക്തദാന ക്യാമ്പിൻെറ ഉദ്ഘാടന ചടങ്ങിൽ നിന്ന്

എക്സ് സർവീസ് മെൻ അസോസിയേഷൻ രക്തദാനക്യാമ്പ് നടത്തി

ബാംഗ്ലൂർ: നോർത്ത് ബാംഗ്ലൂർ എക്സ് സർവീസ് മെൻ അസോസിയേഷൻ ലയൺസ് ബ്ലഡ് ബാങ്കിൻെറ സഹകരണത്തോടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

സംഘാടകസമിതി ചെയർമാൻ പി.ജി.കെ. നായർ, ദീപക് സുമൻ, അസോസിയേഷൻ പ്രസിഡൻറ് പി.വി. അച്യുതൻ, പി.ആർ.ഡി. നമ്പ്യാർ, രാമണ റെഡ്ഡി, കെ.വി. രാഘവൻ, ശ്രീ ഭഗവാൻ, രമേഷ് റാണ, യു.എസ്. മിശ്ര എന്നിവർ സംസാരിച്ചു.

കർണാടക അഡ്വക്കറ്റ് ജനറലിൻെറ രാജിയും വിവാദത്തിലേക്ക്

സർക്കാർ സമ്മർദം ചെലുത്തിയെന്ന് ബി.വി. ആചാര്യ; ഇല്ലെന്ന് മുഖ്യമന്ത്രി

ശശിധരൻ മങ്കത്തിൽ

ബാംഗ്ലൂർ: സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർസ്ഥാനം രാജിവെക്കാൻ സർക്കാറിൻെറ ഭാഗത്തുനിന്ന് സമ്മർദമുണ്ടായതിനാലാണ് അഡ്വക്കറ്റ് ജനറൽ സ്ഥാനം രാജിവെച്ചതെന്ന് ബി.വി. ആചാര്യ. എന്നാൽ സർക്കാർ സമ്മർദം ചെലുത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി ഡി.വി. സദാനന്ദഗൗഡ വ്യക്തമാക്കി.

തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയ്ക്കെതിരെയുള്ള അനധികൃത സ്വത്ത്സമ്പാദനക്കേസിൽ സ്പെഷൽ പ്രോസിക്യൂട്ടറായി ഹാജരായിരുന്നത് ആചാര്യയായിരുന്നു. കർണാടക അഡ്വക്കറ്റ് ജനറൽ സ്ഥാനവും ഇദ്ദേഹം വഹിച്ചിരുന്നു. സർക്കാർ സമ്മർദമുണ്ടായപ്പോൾ ബുധനാഴ്ച ആചാര്യ അഡ്വക്കറ്റ് ജനറൽ സ്ഥാനം രാജിവെക്കുകയാണുണ്ടായത്. ഗവർണർ എച്ച്.ആർ. ഭരദ്വാജ് രാജി സ്വീകരിക്കുകയും ചെയ്തു.

ജയലളിതയെ കേസിൽനിന്ന് ഒഴിവാക്കുന്നതിനായി പ്രഗത്ഭ അഭിഭാഷകനായ ആചാര്യയെ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർസ്ഥാനം രാജിവെപ്പിക്കാൻ സർക്കാർ കിണഞ്ഞ് പരിശ്രമിച്ചുവരികയായിരുന്നു. കേന്ദ്ര ബി.ജെ.പി നേതൃത്വത്തിൽനിന്ന് ഇതിനായി ശക്തമായ സമ്മർദവും ഉണ്ടായിരുന്നു. ഒരാൾ രണ്ടുസ്ഥാനം വഹിക്കുന്നതിൽ നിയമപ്രശ്നമുണ്ടെന്ന രീതിയിലാണ് സർക്കാർ ഈ കാര്യത്തിൽ ആചാര്യയെ സമീപിച്ചിരുന്നത്.

സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം രാജിവെക്കുന്നതിനായി പല ഭാഗത്തുനിന്നും സമ്മർദമുണ്ടായിരുന്നുവെന്ന് ആചാര്യ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ആറുമാസം മുമ്പ് പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം ഏറ്റെടുത്തപ്പോൾ രണ്ടു പദവി വഹിക്കാൻ പാടില്ല എന്ന നിർദേശം വന്നു. രണ്ടു സ്ഥാനങ്ങൾ പാടില്ലായെന്നും അതിനാൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം രാജിവെക്കണമെന്നും ആവശ്യപ്പെട്ട് ഗവർണർക്ക് പരാതിയും ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജിയും നല്കിയിരുന്നു. താൻ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം രാജിവെക്കണമെന്ന നിലപാടിലായിരുന്നു കേന്ദ്ര ബി.ജെ.പി. നേതൃത്വമെന്നും അറിയാൻ കഴിഞ്ഞിരുന്നു – ആചാര്യ പറഞ്ഞു. കർണാടക ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഏല്പിച്ച സ്ഥാനമായതിനാൽ പ്രോസിക്യൂട്ടർ പദവി രാജിവെക്കാൻ താൻ തയ്യാറായിരുന്നില്ല. അതിനാൽ അഡ്വക്കേറ്റ് ജനറൽസ്ഥാനം രാജിവെക്കണമെന്ന നിലപാടിലായിരുന്നു സർക്കാർ– ആചാര്യ പറഞ്ഞു.

ബി.വി. ആചാര്യ

അഡ്വക്കേറ്റ് ജനറലിന് സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം വഹിക്കുന്നതിൽ നിയമതടസ്സങ്ങളൊന്നുമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ആചാര്യയോട് പ്രോസിക്യൂട്ടർ സ്ഥാനത്തുനിന്ന് രാജിവെക്കാൻ സർക്കാർ പറഞ്ഞിട്ടില്ലെന്നും ഏതെങ്കിലും ഒരു സ്ഥാനത്തു തുടരണമെന്നാണ് പറഞ്ഞിരുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു. രണ്ടു സ്ഥാനം വഹിക്കുന്നതിനെതിരെ കോടതിയിൽ പൊതുതാത്പര്യ ഹർജിയും ഉണ്ടായിരുന്നു.

ജയലളിതയുടെ കേസിൽ ഹൈക്കോടതിയാണ് തന്നെ പ്രോസിക്യൂട്ടറായി നിയമിച്ചതെന്നും അഞ്ചുവർഷമായി കേസ് കൈകാര്യം ചെയ്തുവരികയാണെന്നും ആചാര്യ അറിയിച്ചിരുന്നു. മാത്രമല്ല കർണാടക അഡ്വക്കേറ്റ് ജനറലായി നേരത്തേ പ്രവർത്തിച്ചിരുന്നതിനാൽ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായി തുടരാനാണ് താത്പര്യമെന്നും അദ്ദേഹം അറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

അതേസമയം, സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ സ്ഥാനം രാജിവെക്കാൻ ആചാര്യയ്ക്കുമേൽ സർക്കാർ സമ്മർദം ഉണ്ടായിരുന്നുവെന്ന് കർണാടക മുൻ ലോകായുക്ത ജസ്റ്റിസ് എൻ. സന്തോഷ് ഹെഗ്ഡെ ആരോപിച്ചു. ഇതിനുപിന്നിൽ രാഷ്ട്രീയ നീക്കങ്ങളുണ്ട്. ആചാര്യയെ രാജിവെപ്പിക്കാനായി സമ്മർദം ചെലുത്തിയതിൻെറ കാരണം സർക്കാർ വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മാല പൊട്ടിച്ച് രക്ഷപ്പെട്ട സംഘം പിടിയിൽ

മംഗലാപുരം: മാല പൊട്ടിച്ച് ഓടിരക്ഷപ്പെട്ട എട്ടംഗസംഘം വേണൂർ പോലീസിൻെറ പിടിയിലായി.

ഷീന എന്ന ഷീനപ്പ (24), സോമണ്ണ എന്ന ഷമണ്ണ (48), സവിത ബജന്ത്രി (23), ഭാഗ്യ ബജന്ത്രി (30), ഗീത മുട്ടുഗർ (22), രത്ന ബജന്ത്രി (35), രേണുക ബജന്ത്രി (25), ഉഷ ബജന്ത്രി (22) എന്നിവരാണ് പിടിയിലായത്. ഉഷ ബജന്ത്രി ബീജാപ്പൂർ ഗാന്ധിനഗറിൽ നിന്നും മറ്റെല്ലാവരും ഗഡജ് ജില്ലയിൽ നിന്നുമുള്ളവരാണ്.

വേണൂരിനടുത്ത കരിമാറിൽ വെച്ച് കാൽനടയാത്രക്കാരായ മൂന്ന് സ്ത്രീകളെ വളഞ്ഞ സംഘം ബാഗ് തട്ടിപ്പറിക്കുകയും കഴുത്തിൽനിന്ന് മാല പൊട്ടിക്കുകയുമായിരുന്നു. സ്ത്രീകളുടെ നിലവിളി കേട്ട് നാട്ടുകാർ ഓടിയെത്തുമ്പോഴേക്കും കവർച്ചസംഘം രക്ഷപ്പെട്ടിരുന്നു.

വിവരമറിഞ്ഞ വേണൂർ പോലീസ് സ്ഥലത്തെത്തി നടത്തിയ തിരച്ചിലിൽ മൂന്നുപേരെ പിടികൂടി. പിടിയിലായവരിൽനിന്ന് ശേഖരിച്ച വിവരത്തിൻെറ അടിസ്ഥാനത്തിൽ മറ്റുള്ളവരെ പിന്തുടർന്ന പോലീസ് മൂഡിഗെരെയിൽ വെച്ചാണ് അഞ്ച്പേരെക്കൂടി പിടികൂടിയത്. സംഘത്തിൽപെട്ട ഒരാൾ രക്ഷപ്പെട്ടതായി പോലീസ് പറഞ്ഞു. പിടിയിലായവരിൽ നിന്ന് 8,500 രൂപയും മൊബൈൽഫോണും കണ്ടെടുത്തതായി പോലീസ് പറഞ്ഞു.